# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം : 3303 — 14-10-2011-ൽ മറുപടിക്ക്

## കവലയൂർ സബ് എഞ്ചിനീയറുടെ സേവനം നിർത്തലാക്കിയ നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ബി. സത്യൻ | | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പു മന്ത്രി) | |
| (എ) | വക്കം ഇലക്ട്രിക്കൽ സെക്ഷന് കീഴിൽ കവലയൂരിലുണ്ടായിരുന്ന സബ് എഞ്ചിനീയറുടെ സേവനം നിർത്തലാക്കിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട് . |
| (ബി) | ഒറ്റൂർ, മണമ്പൂർ, ചെറുന്നിയൂർ എന്നീ ഗ്രാമപഞ്ചായത്ത് പ്രദേശത്തെ ജനങ്ങൾക്ക്ഏറെ പ്രയോജനകരമായിരുന്ന പ്രസ്തുത ഓഫീസറുടെ സേവനം നിർത്തലാക്കാനുള്ള കാരണം എന്തായിരുന്നു; | (ബി) | എല്ലാ സെക്ഷനുകളും മോഡൽ സെക്ഷനുകൾ ആക്കി മാറ്റിയതു കാരണം ഓരോ സെക്ഷനിലെയും ജീവനക്കാരെ ബ്രേക്ക് ഡൗൺവിംഗ്, മെയിന്റനൻസ് ആന്റ് ക്യാപിറ്റൽ വിംഗ്, റവന്യുവിംഗ് എന്നി 3 വിഭാഗങ്ങളായി തരം തിരിച്ചിട്ടുണ്ട്. ഇതിൽ ബ്രേക്ക് ഡൗൺ വിങ്ങിൽ ഉൾപ്പെട്ട സബ് എൻജിനീ യർക്കാണ് അതാത് സെക്ഷനു കീഴിൽ വരുന്ന സബ്എൻജിനീയർ ഓഫീസിന്റെ ചുമതല നല്കിയിട്ടുള്ളത് |
| (സി) | ഇത് മൂലം പ്രസ്തുത പ്രദേശത്ത് ഉപഭോക്താക്കൾക്ക് നേരിടുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (സി) | ഉപ ഭോക്തക്കളുടെ പരാതി പരിഹരിക്കുന്നതിന് 24 മണിക്കൂർ വാഹന സൗകര്യത്തോടുകൂടിയസംവിധാനം സെക്ഷ ൻ ഓഫീസുകളിൽ നിലവിലുണ്ട്. ആയതിനാൽ പ്രസ്തുത പ്രദേശത്ത് ഉപഭോക്തക്കൾക്ക് ബുദ്ധിമുട്ട് ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല . |

| | | | |
|---|---|---|---|
| (ഡി) | സബ് എഞ്ചിനീയറുടെ സേവനത്തോട് കൂടി 24 മണിക്കൂറും പ്രവർത്തിച്ചിരുന്ന പ്രസ്തുത ഓഫീസിന്റെ പ്രവർത്തന സമയം ചുരുക്കിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) & (ഇ) | രാവിലെ 8 മണി മുതൽ രാത്രി 8 മണി വരെയാണ് സബ്എൻജി നീയർ ഓഫീസ് പ്രവർത്തിച്ചു വരുന്നത് . അതിനു ശേ ഷം വരുന്ന പരാതികൾ വക്കം സെക്ഷനിലെ ബ്രേക്ക് ഡൗൺ വിംഗ് വഴി പരിഹരിക്കുന്നുണ്ട്. |
| (ഇ) | പ്രസ്തുത ആഫീസ് 24 മണിക്കൂറും പ്രവർത്തനം ലഭ്യമാക്കുന്ന തരത്തിൽ പുനസ്ഥാപിക്കാൻ നടപടി സ്വികരിക്കുമോ? | | |

സെക്ഷൻ ഓഫീസർ